LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് വിതരണം ചെയ്ത റേഷൻ കാർഡുകൾ

40 [2009] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്;

(ബി) എ.പി.എൽ., ബി.പി.എൽ. ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 6476452 കാർഡുകൾ.

(ബി) എ.പി.എൽ., ബി.പി.എൽ., എ.എ.വൈ. ഇനം തിരിച്ച് കാർഡുകളുടെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ബി.പി.എൽ. കാർഡ് നിഷേധിക്കപ്പെട്ടവർ

41 [2010] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെന്ന് പഞ്ചായത്ത് സാക്ഷ്യപ്പെടുത്തുന്നവർക്ക് ബി.പി.എൽ. കാർഡ് നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ബി) ഗ്രാമവികസന വകുപ്പ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ കണ്ടെത്താൻ നടത്തുന്ന സർവെ റിപ്പോർട്ടാണോ സിവിൽ സപ്ലൈസ് വകുപ്പ് മാനദണ്ഡമാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ബി.പി.എൽ. കാർഡുകൾ നൽകുന്നതിലുണ്ടാകുന്ന അപാകത കാരണം അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരമുള്ള അരി വാങ്ങുന്നതിന് ദാരിദ്ര്യമേഖലയിൽപ്പെടുന്നവർക്ക് ബുദ്ധിമുട്ട് നേരിടുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

---

† അനുബന്ധം XI

ഉത്തരം

(എ) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1996-ൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ഇപ്പോൾ നിലവിലുള്ള എ.പി.എൽ., ബി.പി.എൽ. കാർഡുടമകളെ തെരഞ്ഞെടുത്തത്. ആ ലിസ്റ്റ് പുതിയ തീരുമാനം എടുക്കുന്നതുവരെ തുടരും.

(ബി) ഗ്രാമസഭകൾ നടത്തുന്ന സർവ്വേ റിപ്പോർട്ടാണ് അടിസ്ഥാനമാക്കുന്നത്.

(സി) ബി.പി.എൽ. കാർഡുപയോഗിച്ചല്ല അന്ത്യോദയ അന്നയോജനക്കാർക്ക് അരി നൽകിവരുന്നത്. കേന്ദ്രം സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള ആകെ ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണത്തിലും അവർക്കായി അനുവദിച്ചു നൽകുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിലും മാറ്റം വരുത്താതെ, നിലവിൽ ബി.പി.എൽ. കാർഡില്ലെങ്കിലും അർഹരായവർക്ക് അന്ത്യോദയ അന്നയോജന പദ്ധതിയുടെ ആനുകൂല്യം നൽകാവുന്നതാണെന്നും ഇവരെ പിന്നീട് ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണെന്നും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം ലഭിക്കുന്നതിനു മുമ്പുതന്നെ കേന്ദ്ര സർക്കാർ നിശ്ചയിച്ചിരുന്ന ലക്ഷ്യം കൈവരിച്ചു കഴിഞ്ഞതിനാൽ പദ്ധതിയിൽ ഗുണഭോക്താക്കളെ പുതിയതായി ഉൾപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്.

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന തേയില

42 [2011] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന ശബരി ചായപ്പൊടിക്കുവേണ്ട തേയില സംസ്ഥാനത്തിന് പുറത്തു നിന്നാണ് ശേഖരിക്കുന്നതെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തോട്ടം മേഖലയിലെ പ്രതിസന്ധി പരിഗണിച്ച് കേരളത്തിലെ തോട്ടങ്ങളിൽ നിന്ന് തേയില സംഭരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) കോർപ്പറേഷൻ ഇപ്പോൾ ശബരി ചായപ്പൊടി തയ്യാറാക്കി വിതരണം നടത്തുന്നത് എപ്രകാരമാണെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly